# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 28-11-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **388**

# നോൺ മേജർ തുറമുഖങ്ങളുടെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് : <br> ശ്രീ. എം. മുകേഷ് : <br> ശ്രീ. എ. എം. ആരിഫ് : <br> ശ്രീ. റ്റി. വി. രാജേഷ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി <br> ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ കണക്കിലെടുത്തും ചെലവു കുറവു പരിഗണിച്ചും സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ വഴിയുള്ള ചരക്ക കടത്ത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും അതിനു നൽകി വരുന്ന ഇളവുകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | (എ) | സംസ്ഥാനത്തെ റോഡ്/റെയിൽ സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ വേണ്ടിയാണ് ബദൽ സംവിധാനം എന്ന നിലയ്ക്ക് തീരദേശ കപ്പൽ ഗതാഗത പദ്ധതി തുറമുഖ വകുപ്പ് നടപ്പിലാക്കി വരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗമുള്ള ചരക്കുകളും യാത്രക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ തീരദേശ കപ്പൽ ഗതാഗത മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി കിലോമീറ്ററിന് ടണ്ണിന് ഒരു രൂപ എന്ന നിരക്കിൽ അനുവദിച്ചിരുന്ന ഇൻസെന്റീവ് ടണ്ണിന് മൂന്ന് രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചാർജ്ജുകൾ ഏകീകരിക്കുകയും 50% ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ നിലവിൽ കണ്ടെയ്നർ ചരക്ക് നീക്കത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) ഈ ലക്ഷ്യത്തോടെ സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കാനായി നടത്തിവരുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ ; | (ബി) | തീരദേശ കപ്പൽ ഗതാഗതപദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ , ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളുടെ ആഴം |

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ , അഴീക്കൽ തുറമുഖങ്ങളിൽ 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ , റീച്ച്സ്റ്റാക്കർ , 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വിടി.എം.എസ് മുതലായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട് . വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി എം.ടി കേരളം, എം.ടി.മലബാർ തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും കസ്റ്റംസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ imigration / Plant Quarantine Clearance -ന് ആവശ്യമായ സ്ഥിരം സൗകര്യം ഏർപ്പാടാക്കുന്നതിനുവേണ്ട അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (സി) | കൊളംബോയിൽ നിന്ന് കൊല്ലത്തേക്ക് കാർഗോ സർവ്വീസ് തുടങ്ങാൻ സർക്കാർ തലത്തിൽ നൽകി വരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ് ; | (സി) | കൊളംബോ-കൊല്ലം ചരക്ക ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി 25/10/2018-ന് കൊല്ലം ഗസ്റ്റ്ഹൗസിൽ യോഗം ചേർന്നിരുന്നു. Express Seeders എന്ന ഗ്രൂപ്പ്, കാർഗോ കൊണ്ടുവരുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും അതിനായി എമിഗ്രേഷൻ സൗകര്യം അടിയന്തിരമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| ഡി) | ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതി കൊല്ലം തുറമുഖം വഴിയാക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണെന്ന് അറിയിക്കാമോ ? | ഡി) | നിലവിൽ കൊല്ലം തുറമുഖത്ത് തോട്ടണ്ടി ഉൾപ്പെടെയുള്ള ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാർഗോ ഓണേഴ്സും വ്യാപാരികളും നിലവിലുള്ള രീതിയിൽ നിന്ന് മാറി ചെറുകിട തുറമുഖങ്ങളിലൂടെ ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ